# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേപ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യു.വൈ.ഡി-പി4-783/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 23/10/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യ.വൈ.ഡി-പി4-783/2021 തീയ്യതി: 23/10/2021

## വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 01-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 01-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ഷാജു തോമസ്, ഒഡിറ്റ് ഓഫീസർ
2) നവാസ് കെ.എം, അസി. ഒഡിറ്റ് ഓഫീസർ
3) കെ. വി. ഡേവിഡ്, അസി. ഒഡിറ്റ് ഓഫീസർ
4) ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5) ടിജി വർഗ്ഗീസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ. കെ. സഹദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ജോണി ടി. ഡി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശാലിനി പി.എസ്. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ജയരാജ് കെ. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഷാഹിദ് പി.പി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. സൈദ പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ആരിഫ വി. പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ലിനോദ് വി. എൽ. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| സുമിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ലിസി ജോസഫ് | ഹെഡ് മിസ്റ്റസ് | 01-04-2019 | 31-03-2020 |
| അബ്ദുൾ നാസർ | അസി. എഞ്ചിനീയർ | 01-04-2019 | 31-05-2019 |
| ശ്രീകണ്ഠൻ പി. കെ. | അസി. എഞ്ചിനീയർ | 01-06-2019 | 31-03-2020 |
| വർക്കി പി.എൽ. | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ജംഷീദ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: David K.V (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2 |
| 3 | ധനകാര്യ പത്രിക പൂർണ്ണമല്ല<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-1 |
| 4 | ട്രയൽ ബാലൻസ് ക്ലോസിംഗ് ബാലൻസ് ബാലൻഷീറ്റ് സ്റ്റേറ്റമെന്റ്,ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-2 |
| 5 | ക്യൂ ബില്ലായ തുകകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-3 |
| 6 | തുക പിൻവലിക്കൽ-രേഖകൾ ലഭ്യമല്ല<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-2-4 |
| 7 | രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയില്ല<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-5 |
| 8 | വാടക - വാർഷിക കണക്ക് ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-6 |
| 9 | രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-2-7 |
| 10 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-8 |
| 11 | വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-9 |
| 12 | വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-10 |
| 13 | സ്ഥിര നിക്ഷേപം പിൻവലിച്ചത് - രേഖകൾ ഹാജരാക്കിയില്ല<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-2-11 |
| 14 | പൊതു അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-2-12 |
| 15 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - വാർഷിക | 1-2-13 |

| | | |
|---|---|---|
| | കണക്കും,ക്യാഷ് ബുക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-3 |
| 17 | ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-4 |
| 18 | പദ്ധതി അവലോകനം<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി<br>Written By: David K.V (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-6 |
| 20 | ക്ഷേമ പദ്ധതികൾ<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-7 |
| 21 | ക്യാഷ് പരിശോധന<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-10 |
| 24 | ഡിജിറ്റൽ വാട്ടർ സപ്ലൈ -ആവശ്യമായ പഠനം നടത്താതെ പദ്ധതി ആവിഷ്ക്കരിച്ചു-പദ്ധതി പാതി വഴിയിൽ<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-11 |
| 25 | ജംഗമ അസ്തികളുടെ സ്റ്റോക്കിന്റെ വിവരങ്ങൾ ഇല്ല.<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-12 |
| 26 | ലഭ്യമാകാത്ത മരുന്നിന് തുക നൽകി -₹20937/അധിക ചെലവ്<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-13 |
| 27 | വാടക - കുടിശ്ശിക വർദ്ധിക്കുന്നു<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Shaju Thomas (Audit Officer, On 22-10-2021) | 1-14 |
| 28 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-15 |
| 29 | ഗുണഭോക്തൃവിഹിതം പൂർണ്ണമായും ചെലവഴിക്കാത്തതാനാൽ പ്ലാൻ ഫണ്ടിൽ നിന്നും അധിക ചെലവ്<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Shaju Thomas (Audit Officer, On 22-10-2021) | 1-16 |
| 30 | എം.എൻ.ആർ.ജി.എ. - അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക സർക്കാറിലൊടുക്കാതെ രണ്ടുവർഷം കൈവശം വച്ചു.<br>Written By: David K.V (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-17 |
| 31 | ആസ്തി നിർമ്മാണ പ്രവൃത്തികൾ -മെറ്റീരിയൽ വിതരണം നടത്തിയ കരാറുകാരിൽ നിന്നും ഈടാക്കിയ ജി.എസ് .ടി., ഫ്ലഡ് സെസ്സ് എന്നിവ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. | 1-18 |

| | | |
|---|---|---|
| | Written By: David K.V (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | |
| 32 | എം എൻ ആർ ജി എ - ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് തുക നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-19 |
| 33 | എം.എൻ.ആർ.ജി.എ. - കോൺക്രീറ്റ് പ്രവൃത്തികൾക്കാവശ്യമായ വൈബ്രേറ്ററും മിക്സറും നൽകിയ കരാറുകരനു നൽകേണ്ട വാടക തുക മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാരന് നൽകി<br>Written By: David K.V (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-20 |
| 34 | എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം , പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-21 |
| 35 | പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-22 |
| 36 | കരാർ ഒപ്പിടാൻ ,എസ്റ്റിമേറ്റിന് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചില്ല<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-23 |
| 37 | മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല.<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-24 |
| 38 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-25 |
| 39 | അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ലഭിക്കാത്ത മരുന്നിന്റെ തുക ₹20937/- നിരാകരിക്കുന്നു<br>Written By: Indu K Nair (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-2 |
| 3 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-3 |

| | | |
|---|---|---|
| 4 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 4-5 |
| 6 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 4-7 |
| 8 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaju Thomas (Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 4-8 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

23.02.2019 തീയതിയിലെ 1/2019 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16.03.2020തീയതിയിലെ 2/2020 തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് – 33785497

വരവ് – 28,65,94,626

ആകെ – 320,380,123

ചെലവ് – 265759651

നീക്കിയിരിപ്പ് – 54620472

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.06.2020 | -- | -- |

### 1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. എന്നാൽ 15.06.2020 ന് അക്കൗണ്ടന്റ്/1/2020 നം. പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-2-2 ട്രയൽ ബാലൻസ് ക്ലോസിംഗ് ബാലൻസ് ബാലൻഷീറ്റ് സ്റ്റേറ്റമെന്റ്,ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

(1)ട്രയൽ ബാലൻസിൽ ക്ലോസിംഗ് ബാലൻസായി ചേർത്തിട്ടുള്ള തുകകൾ ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഒരേ ഇനത്തിന് തന്നെ ഡെബിറ്റ് ബാലൻസും,ക്രെഡിറ്റ് ബാലൻസുമുണ്ട്.

(2)ട്രയൽ ബാലൻസിൽ ക്ലോസിംഗ് ബാലൻസായി ചേർത്തിട്ടുള്ള തുകകൾ ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഒരേ ഇനത്തിന് തന്നെ ഡെബിറ്റ് ബാലൻസും,ക്രെഡിറ്റ് ബാലൻസുമുണ്ട്.

### 1-2-3 ക്യൂ ബില്ലായ തുകകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ഡെവലപ്പ്മെന്റ് ഫണ്ട്(എസ്.സി.പി) | 5790327 | 4790327 |
| ഡെവലപ്പ്മെന്റ് ഫണ്ട്(ടി.എസ്.പി) | 7283706 | 6294874 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 10840392 | 7612776 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 11144635 | 8578712 |

ക്യൂ ബില്ലായ ഈ തുകകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-4 തുക പിൻവലിക്കൽ-രേഖകൾ ലഭ്യമല്ല

1.തനത് ഫണ്ട് അക്കൗണ്ട് നമ്പർ (WDCB -014 ) ൽ നിന്ന് 14/08/2019 ന് 65,000/-രൂപ പിൻവലിച്ചു. പ്രസ്തുത തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

2.സെൻട്രൽ ബാങ്ക് പ്ലാൻ അക്കൗണ്ടിൽ (2154175629 ) നിന്ന് 25/04/2017 ന് 912,285/- രൂപ പിൻവലിച്ചു. പ്രസ്തുത തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

പ്രസ്തുത വിഷയം മുൻ വർഷ അക്കൗണ്ട് പരിശോധനാ വേളയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2-5 രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയില്ല

തൊഴിൽനികുതി, വാടക , ഡി&ഒ ലൈസൻസ് , തുടങ്ങിയ ഡി.സി.ബി രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-2-6 വാടക - വാർഷിക കണക്ക് ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാടകയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ കൊടുക്കുന്നു.

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| രജിസ്റ്റർ | ധനകാര്യ പത്രിക | രജിസ്റ്റർ | ധനകാര്യ പത്രിക | രജിസ്റ്റർ | ധനകാര്യ പത്രിക |
| 2812537 | 2812537 | 1408599 | 1409319 | 1403938 | 1403218 |

## 1-2-7 രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ,സ്ഥിരനിക്ഷേപ രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. അതിനാൽ വരവ്,ചെലവ്,നീക്കിബാക്കി എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-2-8 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

A)റഗുലറൈസേഷൻ രജിസ്റ്റർ, ലേല രജിസ്റ്റർ, വാട്ടർ ചാർജ്ജ് കളക്ഷൻ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ അനുമതി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി പൂർത്തീകരിച്ചിട്ടില്ല.വിവിധ വരവിനങ്ങളിലെ കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിന് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
B) ടെണ്ടർ ഫോറം വിൽപ്പന നടത്തിയ ഇനത്തിൽ ₹2,39,292/-രൂപ വരവുണ്ട്. എന്നാൽ ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-2-9 വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല.

A)വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ സഞ്ചയയിൽ നിന്നും പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി കളക്ഷൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഡി.സി.ബി സ്റ്റേറ്റ്മെന്റ് | 54,70,822 |
| വാർഷിക കണക്ക് | 56,26,912 |
| വ്യത്യാസം | 2,71,299 |

B)വസ്തുനികുതി കുടിശ്ശിക ഡിമാന്റിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റും, വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡി.സി.ബി സ്റ്റേറ്റ്മെന്റ് | 118602 | 34128 | 0 |
| വാർഷിക കണക്ക് | 34128 | 34128 | 0 |

ഡിമാന്റിൽ 84,474 രൂപ കുറവ് വരുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ലഭ്യമല്ല.

## 1-2-10 വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

A)സമ്പൂർണ്ണ ഭവന പദ്ധതിയിൽ വാർഷിക കണക്കിലെ മുൻബാക്കി , തിരിച്ചടവ് , നീക്കിബാക്കി എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | മുൻബാക്കി | തിരിച്ചടവ് | നീക്കിബാക്കി |
|---|---|---|---|
| രജിസ്റ്റർ | 3,70,05,252 | 1,26,75,000 | 2,84,66,806 |
| വാർഷിക കണക്ക് | 2,73,67,993 | 1,20,00,000 | 2,91,41,806 |
| വ്യത്യാസം | 96,37,259 | 6,75,000 | 6,75,000 |

B)ലൈഫ് ഭവന പദ്ധതിക്ക് ലഭ്യമായ ഹഡ്കോ വായ്പക്ക് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-2-11 സ്ഥിര നിക്ഷേപം പിൻവലിച്ചത് - രേഖകൾ ഹാജരാക്കിയില്ല

2018- 19 ൽ സ്ഥിരനിക്ഷേപമായി ₹10,00,000/-രൂപയാണ് നീക്കിയിരിപ്പ്. 2019 – 20 ൽ പ്രസ്തുത തുക പിൻവലിച്ചു. തുക പിൻവിച്ച തീയതി, നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടന്റിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

## 1-2-12 പൊതു അപാകതകൾ

A). B11(A) Schedule പ്രകാരം Capital Work In Progress എന്നയിനത്തിൽ ₹948024/- രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ പാർട്ട് ബിൽ മാറിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.

B). B9 Schedule ൽ Stale Cheque ഇനത്തിൽ ₹7,22,137/- രൂപ നൽകാനുള്ളതായി ബാധ്യത കാണിച്ചു. എന്നാൽ ഇത് യഥാർത്ഥ ബാദ്ധ്യത ആണോ എന്ന് വ്യക്തമല്ല.

C). ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ലെ ബാധ്യതകൾക്ക് പ്രത്യേക അക്കൗണ്ടോ, അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.

D). ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 1-2-13 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കും,ക്യാഷ് ബുക്കും പൊരുത്തപ്പെടുന്നില്ല

ക്യാഷ്ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 2019 - 20 | മുൻബാക്കി | ഭരണചെലവ് | ആകെ വരവ് | ആകെ ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വാർഷിക കണക്ക് | 1324520<br>(RP -40(A) | 1,18,25,103<br>(RP-31 ) | 4,70,22,919<br>(I-6) | 39137820<br>(I-14) | 673961<br>(RP -40(B)) |
| ക്യാഷ് ബുക്ക് | 1,54,501 | 17,26,053 | 49757305 | 49087258 | 670048 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 7,69,86,454 |
| വരവ് | 14,65,13,225 |
| ആകെ | 22,34,99,679 |
| ചെലവ് | 15,45,83,413 |
| നീക്കിയിരിപ്പ് | 6,89,16,266 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/<br>അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/<br>ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 3,08,74,135 | 3,08,74,135 | 2,58,40,084 | 50,34,051 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1,01,85,853 | 1,01,85,853 | 57,90,327 | 43,95,526 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 93,90,812 | 93,90,812 | 72,83,706 | 21,07,106 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1,93,28,000 | 1,93,28,000 | 1,11,44,635 | 81,83,365 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 73,08,000 | 73,08,000 | 44,41,050 | 28,66,950 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 2,16,42,335 | 2,16,42,335 | 1,08,40,392 | 1,08,01,943 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3,60,19,795 | 1,87,33,513 | 5,47,53,308 | 1,94,37,403 | 35315905 |

സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. വികസന ഫണ്ട് -എസ്.സി.പി., വികസന ഫണ്ട് -ടി.എസ്.പി., വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 276 | 374632775 | 95 | 83471695 | 39 | 142 | 66.9% |

സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 154501 | 625956 | 780457 | 453574 | 326883 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 46889795 | 46889795 | 46546631 | 343164 |
| 100 ദിവസ അലവൻസ് | 0 | 361000 | 361000 | 361000 | 0 |
| ആകെ | 154501 | 47876751 | 48031252 | 47361205 | 670047 |

സെക്രട്ടറി ലഭ്യമാക്കിയ കണക്കുകളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് ₹47022919/- (I-6 ഷെഡ്യൂൾ). വ്യത്യസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2027400 | 269 |
| വിധവാപെൻഷൻ | 14364600 | 1950 |
| വാർദ്ധക്യകാലപെൻഷൻ | 18832200 | 2484 |
| വികലാംഗപെൻഷൻ | 3548100 | 449 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 101400 | 13 |
| തൊഴിൽ രഹിത വേതനം | 3600 | 5 |

സെക്രട്ടറി ലഭ്യമാക്കിയ കണക്കുകളാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹59431/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം വിലയിരിത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ടങ്കിലും ഒരോ സെക്ഷനും നിർവഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

ജംഗമ ആസ്തികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, ഇ.എം.ഡി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വരവുകൾ സംബന്ധിച്ച് പ്രതിമാസ വിശകലനം നടത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ നിന്നുള്ള വടക വരവിനത്തിൽ വൻകുടിശ്ശിക ഉണ്ടായിട്ടുണ്ട്. കൃത്യമായി വാടക അടവാക്കാത്തവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയവർ തന്നെ നിലവിലും കെട്ടിട മുറികൾ കൈവശം വച്ചുവരുന്നു.

എം.എൻ.ആർ.ഇ.എ ഫയലുകൾ സൂക്ഷിപ്പ് കാര്യക്ഷമമല്ല. ഫയലുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. സൂപ്പർവൈസിംഗ് ഓഫീസർ ഫയലുകളോ ട്രാൻസാക്ഷനുകളോ പരിശോധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2019 | 2018-19 | 12.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | | |

## 1-11 ഡിജിറ്റൽ വാട്ടർ സപ്ലൈ -ആവശ്യമായ പഠനം നടത്താതെ പദ്ധതി ആവിഷ്കരിച്ചു-പദ്ധതി പാതി വഴിയിൽ

നിർവ്വഹണം സെക്രട്ടറി

പ്രോജക്ട് നം 270/20

ഡിജിറ്റൽ വാട്ടർ സപ്ലൈ ആകെ പ്രോജക്ട് കോസ്റ്റ് 58,00,000

ചെലവ് 19-20 , 5 ലക്ഷം രൂപ (വൗച്ചർ നം 21900530/16.8.2019

MC Grade Infotech Private Ltd എന്ന സ്ഥാപനത്തിന് മുൻകൂർനൽകി.

ഡിജിറ്റൽ വാട്ടർ സപ്ലൈ എന്ന പദ്ധതി തയ്യാറാക്കാൻ കാരണമായി താഴെ പറയുന്ന വസ്തുതകൾ

ആണ് പറഞ്ഞിരിക്കുന്നത്

--- നിലവിൽ പഞ്ചായത്തിലുള്ള 550 വാട്ടർ കണക്ഷൻ ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി പ്രതിമാസം ചെലവ് 30000 രൂപയും എന്നാൽ ഈ ഇനത്തിൻ പഞ്ചായത്തിന് പ്രതിമാസ വരുമാനം 15000രൂപ മാത്രമാണ്. കൂടാതെ വാട്ടർ പൈപ്പ് ലൈനുകളിൻ ഉണ്ടാകുന്ന റിപ്പയർ ചാർജ്ജുകൾക്കും

മറ്റും പുറമെയാണിത്. എന്നാൽ പുതിയ പദ്ധതിയായ ഡിജിറ്റൽ വാട്ടർ സപ്ളൈ എന്ന പദ്ധതിയുടെ പൂർത്തീകരണം കഴിഞ്ഞാൽ പ്രതിമാസം വാട്ടർ കണക്ഷൻ നൽകുന്ന വ്യക്തികൾക്ക് നൽകുന്ന വെള്ളത്തിന്റെ

കൃത്യമായ തുക ഈടാക്കാൻ സാധിക്കും.കുടിവെള്ളത്തിന്റെ ചാർജ്ജ് നിശ്ചിത തീയ്യതിക്കകം ഈടാക്കിയില്ലെങ്കിൽ / അടച്ചില്ലെങ്കിൽ വാട്ടർ കണക്ഷൻ സ്വമേധയാ റദ്ദാവുന്നതും ആയത് കാരണം

തുക കൃത്യമായി പഞ്ചായത്തിൽ അടവാക്കുന്നതുമാണ്.കൂടാതെ പൈപ്പ് ലൈനുകളിലെ ലീക്കേജ് ഓഫീസിൽ

ഇരുന്ന് കൊണ്ട് കണ്ടു പിടിക്കാവുന്നതും റിപ്പയറിംഗ് വേഗം നടത്താവുന്നതും ആണ്.എല്ലാ ഉണഭോക്താക്കൾക്കും മൊബൈൽ ആപ്പ് നൽകുന്നത് മൂലം വെള്ളത്തിന്റെ ഉപയോഗ നിയന്ത്രണം ഉണഭോക്താക്കൾക്കു തന്നെ

നിർവ്വഹിക്കാവുന്നതാണ്. പദ്ധതി പ്രകാരം കൃത്യമായി കുടിവെള്ളത്തിന്റെ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിൽ

പ്രതിമാസം 107500രൂപ ലാഭം ഉണ്ടാകുന്നതുമാണ്.

--- മേൽ സൂചിപ്പിച്ച നേട്ടങ്ങൾ ലഭ്യമാക്കുവാൻ ഉതകുന്ന സോഫ്റ്റ് വെയർ -ഹാർഡ് വെയർ സംവിധാനം

ഏർപ്പെടുത്തുന്ന പ്രവൃത്തിയാണ് ഡിജിറ്റൽ വാട്ടർ സപ്ലൈ എന്ന പദ്ധതി .

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി MC Grade Infotech Private Ltd എന്ന സ്ഥാപനം തയ്യാറാക്കിയ

പ്രോജക്ട് റിപ്പോർട്ടും പദ്ധതി മേപ്പാടി പഞ്ചായത്തില പൈലറ്റ് പദ്ധതിയായി നടപ്പിലാക്കാൻ നൽകിയ

അപേക്ഷയും ഭരണ സമിതി 30/7/19 ന് 1(9)/2019 തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ

അടങ്കൽ 55 ലക്ഷം രൂപ വരുന്ന പദ്ധതി തയ്യാറാക്കി ഡി പി സി യിൽ നിന്നും അംഗീകാരം വാങ്ങി.

5 ലക്ഷം രൂപ (വൗച്ചർ നം 21900530/16.8.2019 പ്രകാരംMC Grade Infotech Private Ltd എന്ന സ്ഥാപനത്തിന്

മുൻകൂർ നൽകി.

പദ്ധതി സംബന്ധിച്ച അപാകതകൾ

1)സംസ്ഥാന സർക്കാരിന്റെ പദ്ധതി മാർഗ്ഗ രേഖയിൽ ഇത്തരം പദ്ധതി പരാമർശിച്ചിട്ടില്ല.

സോഫ്റ്റ് വെയർ -ഹാർഡ് വെയർ സംവിധാനംഏർപ്പെടുത്തുന്ന പ്രവൃത്തിയുടെ മോണിട്ടറിംഗ് സംബന്ധിച്ച് വ്യക്തത ഇല്ല.

2)പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത് പഞ്ചായത്ത് അല്ല.MC Grade Infotech Private Ltd എന്ന സ്ഥാപനം ആണ്. ഭരണ സമിതി കമ്പനി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് മാത്രമാണ് അംഗീകാരത്തിനായി പരിഗണിച്ചത്. MC Grade Infotech Private Ltd എന്ന സ്ഥാപനം സ്വകാര്യ സ്ഥാപനം ആണ്. സർക്കാർഅംഗീകൃത സ്ഥാപനം അല്ല . അക്രഡിറ്റഡ് ഏജൻസിയോ നോഡൽ ഏജൻസിയോ അല്ല.MC Grade Infotech Private Ltd എന്ന സ്ഥാപനത്തിന് ഇത്തരം പ്രോജക്ട് നാളിതു വരെ നടപ്പിലാക്കിയിട്ടില്ല.

സ്ഥാപനത്തിനെ തെരഞ്ഞെടുക്കാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ സർക്കാർ

മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്തതും കേരളത്തിൽ തന്നെ ആദ്യമായി നടപ്പാക്കുന്നതുമായ പദ്ധതി എന്ന

നിലയിൽ നൂതന പദ്ധതി എന്ന നിലയിൽ ഡി പി സി യിൽ നിന്നും അംഗീകാരം വാങ്ങേണ്ടിയിരുന്നു.

എന്നാൽ ഡി പി സി യിൽ നിന്നും സാധാരണ പദ്ധതി എന്ന നിലയിൽ ആണ് അംഗീകാരം വാങ്ങിയത്.

3)5 ലക്ഷം രൂപ MC Grade Infotech Private Ltd എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയെങ്കിലും

നാളിതു വരെ ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല.

നിലവിൽ മേപ്പാടി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി നൽകിയ അനുമതി അംഗീകരിച്ചു

നൽകുന്നതിനും തുടർന്ന് MC Grade Infotech Private Ltd എന്ന സ്ഥാപനത്തെ കൊണ്ട് തന്നെ

ബാക്കി പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിനുള്ള അനുമതിക്കും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ

ലഭിക്കുന്നതിനുമായി ഭരണ സമിതി 4/11/20 ലെ 1/1/2020 തീരുമാന പ്രകാരം സർക്കാരിലേക്ക്

കത്തയച്ചു. സർക്കാരിൽ നിന്നും അനുമതി ലഭിക്കും വരെ 5 ലക്ഷം രൂപ മുൻകൂർ നൽകിയത്

ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-12 ജംഗമ അസ്തികളുടെ സ്റ്റോക്കിന്റെ വിവരങ്ങൾ ഇല്ല.

അസി. സെക്രട്ടറിയുടെ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിശദാംശങ്ങൾ | വാങ്ങിയ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ | ചെലവ് തുക | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എസ്. 0143/20, കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ, യു.പി.എസ്സും, അനുബന്ധ ഉപകരണങ്ങളും | കമ്പ്യൂട്ടർ (2 ) | 80258 | 21901592/31.03.2020 (തനത് ഫണ്ട്) |
| | | സ്കാനർ (1) | 19819 | |
| | | പ്രിന്റർ (1) | 14726 | |
| | | ആകെ | 114803 | |
| 2 | എസ്. 0269/20, ബഡ്സ് സ്കൂളിലേക്ക് ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ നല്കൽ | കമ്പ്യൂട്ടർ, പ്രിന്റർ, എൽ.ഇ.ഡി. ടി.വി., പ്രോജക്ടർ | 125000 | 21901015/ 31.12.2019 |
| ആകെ ചെലവ് തുക | | | 239803 | |

മേൽപറഞ്ഞ ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ വാങ്ങലുകളുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ആദ്യത്തെ പ്രോജക്ട് പ്രകാരമുള്ള വാങ്ങൽ KELTRON -ൽ നിന്നാണ് നടത്തിയിട്ടുള്ളത്. മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ ഉപകരണങ്ങളിൽ പ്രിന്റർ ലഭ്യമാക്കിയിട്ടില്ല. 24.12.2020 - ലെ 5824/20 നമ്പർ കത്ത് പ്രകാരം അസി. സെക്രട്ടറി പ്രിന്ററിന്റെ തുക തിരികെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിന് പുറമേ എച്ച്. പി. ഇന്ത്യ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാനത്തിന്റെ ബില്ലാണ് കമ്പ്യൂട്ടറുകൾ വാങ്ങിയതിന് ഹാജരാക്കിയിട്ടുള്ളത് (Tax Invoice No. J9PUB44994/23.09.2020). ആയത് പ്രകാരം കമ്പ്യൂട്ടറുകളുടെ ആകെ തുക ₹77172/- ആണ്.

2. രണ്ടാമത്തെ പ്രോജക്ട് പ്രകാരം സാധനങ്ങൾ വാങ്ങിയത് 2.11.2019 - ലെ ടെണ്ടർ മുഖേന ബിസാർ പവർ സോലൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നാണ്. 18.03.2019 - ലെ സർക്കുലർ നമ്പർ ഐ.ടി. സെൽ-1/26/2019/ വി.സ.വ പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ സി.പി.ആർ.സി.എസ് മുഖേന വാങ്ങണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

3. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക നമ്പർ 12.22 അനുസരിച്ച് പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിൽ എടുക്കാതെയാണ് മേൽപറഞ്ഞ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് നടത്തുന്ന വാങ്ങലുകളുടെ വിവരം രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. അതിനാൽ ഗ്രാമപഞ്ചായത്തിലെ ഫർണിച്ചറിന്റെയും ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെയും മറ്റ് ജംഗമ ആസ്തികളുടെയും സ്റ്റോക്കിന്റെ വിവരം ലഭ്യമല്ല.

4. ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ധനകാര്യ വകുപ്പിന്റെ 24.09.2010 -ലെ സർക്കുലർ നമ്പർ 80/2010/ധനം പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതും പാലിച്ചിട്ടില്ല.

6. പർച്ചേസ് കമ്മിറ്റിയുടെ മിനിട്ട്സ് ബുക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ- 15/19-20/28.09.2021 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററും സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് മുമ്പ് ഇതേ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിന് പുറമേ പ്രസ്തുത രേഖകൾ സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികൾ അന്യാധീനപെട്ടു പോയിട്ടുണ്ടോ എന്നും പരിശോധന നടത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ മേൽവാങ്ങലുകളുടെ ആകെ ചെലവ് തുക ₹239803/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

സ്റ്റോക്ക്/ആസ്തി രജിസ്റ്റർ തയ്യാറാക്കി അറിയിക്കേണ്ടതും മേൽപറഞ്ഞ മറ്റ് ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ലഭ്യമാകാത്ത മരുന്നിന് തുക നൽകി -₹20937/അധിക ചെലവ്

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് 4,00,000/-(സംരക്ഷണ ഗ്രാന്റ് -റോഡിതരം) വകയിരുത്തി. 4,00,000/- യുടെ മരുന്ന് വാങ്ങി ( ബിൽ നം- 19/13.2.2020) . ടെണ്ടർ നടപടിയിലൂടെ 3 സ്ഥാപനങ്ങളിൽ നിന്നാണ് മരുന്ന് വാങ്ങിയത്. ഇവയിൽ കെയർവെൽ ഫാർമ്മയിൽ നിന്നും ₹106150/- (ഇൻവോയ്സ് നമ്പർ - 708/23.01.2020) യുടെ മരുന്ന് വാങ്ങി. ബില്ലിലുള്ള മരുന്നുകൾ പൂർണ്ണമായും ലഭിക്കാതെ മുഴുവൻ ബിൽ തുകയും നൽകിയിയതിനാൽ ₹20937/- അധികം ചെലവുണ്ടായി.വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-14 വാടക - കുടിശ്ശിക വർദ്ധിക്കുന്നു

A).വാടക കുടിശ്ശികയിനത്തിൽ വാർഷിക കണക്ക് പ്രകാരം 2019-20 ൽ താഴെ കൊടുക്കുന്ന തരത്തിൽ ഡിമാന്റ് ,കളക്ഷൻ,ബാലൻസ് ഉണ്ട്.

| | |
|---|---|
| ഡിമാന്റ് | 26,29,579<br>(B15 ഷെഡ്യൂൾ - 2018-19 വാർഷിക കണക്ക്)<br>(തൻവർഷം= 4,54,040<br>കുടിശ്ശിക = 21,75,539 ) |
| കളക്ഷൻ | 3,90,228( RP-43- 2019-20 AFS ) |
| ബാലൻസ് | 20,83,529( B15 - 2019-20 AFS ) |

2018-19 ലെ വാടക രജിസ്റ്റർ പ്രകാരം ചുവടെ കൊടുക്കുന്ന തരത്തിൽ വാടക ലഭിക്കാനവശേഷിച്ചിരുന്നു.

| പേര് | റൂം നമ്പർ | ആകെ കുടിശ്ശിക |
|---|---|---|
| മാവേലി സ്റ്റോർ | 6/264 | 1392 |
| ജംഹർ | 6/280 | 124116 |
| പെത്തയ്യ | 6/294 | 63816 |
| അലവി വടക്കേങ്ങര | 6/296 | 51516 |
| പി.കെ ഉണ്ണികൃഷ്ണൻ | 6/300 | 21276 |
| പി.കെ ഉണ്ണികൃഷ്ണൻ | 4 | 13788 |
| കമ്പൈൻഡ് ഹീറോസ് | 7/271 | 74388 |
| ലത്തീഫ് നടുക്കൻചിറ | 6/846 | 14587 |
| പ്രദീപ് കുമാർ എം | 6/978 | 3675 |
| | | 2,43,046 |

വാർഷിക കണക്കും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2018-19 വാർഷിക കണക്കിൽ ലഭിക്കാനവശേഷിക്കുന്ന തൻവർഷ വാടക (B15 ഷെഡ്യൂൾ- Rent Recievable Current)₹4,54,040/- രൂപയാണ്. മേൽ പട്ടികയിൽ പരാമർശിച്ച തരത്തിൽ രജിസ്റ്റർ പ്രകാരം ₹2,43,046/- രൂപയാണ് ലഭിക്കാനുള്ളത് . ₹2,10,994/- രൂപയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

B). 2019- 20 ലെ വാടക രജിസ്റ്റർ പ്രകാരം തൻവർഷം ചുവടെ കൊടുക്കുന്ന തരത്തിൽ വാടക ലഭിക്കാനവശേഷിക്കുന്നു.

| പേര് | റൂം നമ്പർ | പ്രതിമാസ വാടക | അടയ്ക്കാനവശേഷിക്കുന്ന തവണകൾ | ആകെ കുടിശ്ശിക |
|---|---|---|---|---|
| ടി.ആർ പ്രമോദ് | 7/439-1 | 2403 | 12 | 28836 |
| വനജ | 6/256 | 3122 | 1 | 3122 |
| ബാബുരാജ് | 6/257 | 2368 | 1 | 2368 |
| നൗഫൽ | 6/258 | 3277 | 12 | 39324 |
| അബ്ദുൾ | 6/260 | 3277 | 2 | 6554 |
| വസന്തകുമാരി | 6/262 | 3277 | 12 | 39324 |
| അനിൽകുമാർ | 6/263 | 3277 | 12 | 39324 |
| അബ്ദുൾ നാസർ | 6/273 | 12034 | 12 | 144408 |
| ഫിലിപ്പ് | 6/275 | 444 | 12 | 5328 |
| ജംഹർ | 6/280 | 10860 | 12 | 130320 |

| | | | | |
|---|---|---|---|---|
| ജംഹർ | 6/281 | 10860 | 7 | 76020 |
| ജംഹർ | 6/282 | 11947 | 5 | 59735 |
| ജംഹർ | 6/283 | 12191 | 12 | 146292 |
| സണ്ണി | 6/285 | 14377 | 5 | 71885 |
| ജംഹർ | 6/287 | 3105 | 12 | 37260 |
| അൻവർ | 6/288 | 3545 | 12 | 42540 |
| ജംഹർ | 6/289 | 4000 | 7 | 28000 |
| ജംഹർ | 6/290 | 3326 | 3 | 9978 |
| അഷറഫ് | 6/291 | 4030 | 12 | 48360 |
| റഷീദ് | 6/292 | 4312 | 7 | 30184 |
| അലവി | 6/296 | 4508 | 12 | 54096 |
| ഉണ്ണികൃഷ്ണൻ | 6/300 | 1862 | 12 | 22344 |
| ഉണ്ണികൃഷ്ണൻ | 4/300 | 1206 | 12 | 14472 |
| അസ്മ | 6/81 | 6509 | 10 | 65090 |
| അക്ഷയ | 7/617 | 1285 (പ്രതിമാസ വാടക 1418 രൂപയാണെങ്കിലും 1285 രൂപനിരക്കിലാണ് വാടക ഒടുക്കിയത്. ) | 12X133 | 1596 |
| ജംഷീർ | | 14678 | 8 | 117424 |
| അബ്ദുൾ അസീസ് | | 13371 | 9 | 120339 |
| പ്രദീപ് കുമാർ എം | 6/978 | 3859 | 5 | 19295 |
| | | ആകെ | | 1403818 |

മേൽ പട്ടികകളിൽ കൊടുത്തിരിക്കുന്ന വാടക്കാർക്ക് നോട്ടീസ് അയച്ചതിന്റെ വിശദാംശങ്ങളും വാടക ഈടാക്കിയതിന്റെ വിശദാംശങ്ങളും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ഹാജരാക്കാത്തപക്ഷം തുക ഈടാക്കിയിട്ടില്ല എന്ന അനുമാനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-15 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 3/20 IKMവിഹിതം | Information Kerala Mission | 150000(ജനറൽ) 11/2019-20/18.7.19 |
| 2 | പ്രോജക്ട് നം 5/20 | സോഷ്യൽ സെക്യൂരിറ്റി മിഷൻ | 500000(ജനറൽ) 22/2019-20/29.8.19 |

| | | | |
|---|---|---|---|
| | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം | | |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

## 1-16 ഗുണഭോക്തൃവിതം പൂർണ്ണമായും ചെലവഴിക്കാത്തതാനാൽ പ്ലാൻ ഫണ്ടിൽ നിന്നും അധിക ചെലവ്

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീര കർഷകർക്ക് പ്രതിമാസം 100കി.ഗ്രാം തോതിൽ കാലിത്തീറ്റ വിതരണം ചെയ്യാവുന്നതാണ്. പൊതുവിഭാഗത്തിന് 50% സബ്സിഡിയും, പട്ടികജാതി വിഭാഗത്തിന് 75% സബ്സിഡിയും നൽകാവുന്നതാണ്.

2019 – 20 വർഷത്തിൽ ജനറൽ വിഭാഗത്തിൽപെട്ട ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണ ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിക്ക് ആകെ ₹49,99,340/-( പ്ലാൻ ഫണ്ട്- 20,00,000 + ഗുണഭോക്തൃവിഹിതം- ₹29,99,340/- ) വകയിരുത്തി. പദ്ധതിക്ക് ആകെ ₹4995560/- യുടെ കാലിത്തീറ്റ വാങ്ങി നൽകിയതിന് പ്ലാൻ ഫണ്ടിൽ നിന്നും 20,00,000/- വും, ഗുണഭോക്തൃവിഹിതമായി 29,95,560/- ചെലവഴിച്ചു. എന്നാൽ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം മുഴുവൻ ചെലവഴിക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും 3800/- ന്റെ അധിക തുക ചെലവായി.ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും, ചെലവഴിച്ചതിന്റെയും വിശദാംശം ചുവടെ കൊടുക്കുന്നു.

| മാസം | ഈടാക്കിയ ഗുണഭോക്തൃവിഹിതം | ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|---|
| ഒക്ടോബർ 2019 | 489600 | 1988030 | |
| നവംബർ 2019 | 480980 | 1007530 | |
| ഡിസംബർ 2019 | 507960 | | |
| ജനവരി 2020 | 509490 | | |
| ഫെബ്രുവരി2020 | 506430 | | |
| മാർച്ച് 2020 | 504900 | | |
| ആകെ | 2999360 | 2995560 | 3800 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/19 – 20 / 25.9.21) പ്ലാൻ ഫണ്ട് പദ്ധതിയാരംഭത്തിൽ തന്നെ ചെലവഴിക്കുകയും അവശേഷിക്കുന്ന തുക ഗുണഭോക്തൃവിഹിതത്തിൽ നിന്നും നൽകിയതിനാലുമാണ് ഇത്തരത്തിൽ തുക നീക്കിബാക്കി വന്നതെന്ന് മറുപടി നൽകി. തുക പ്ലാൻ ഫണ്ടിൽ തിരിച്ചടച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-17 എം.എൻ.ആർ.ജി.എ. - അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക സർക്കാറിലൊടുക്കാതെ രണ്ടുവർഷം കൈവശം വച്ചു.

എം.എൻ.ആർ.ജി.എ.- യുടെ ഫണ്ടുകൾ നിക്ഷേപിച്ചിരിക്കുന്ന സെൻട്രൽ ബാങ്ക് അക്കൗണ്ടിൽ (A/C No. 2154178971 )നിന്നും 26.09.2019 ലെ 014990 നമ്പർ സെൽഫ് ചെക്ക് പ്രകാരം ₹96113/- പിൻവലിക്കുകയും താഴെ പറയുന്ന പേയ്മെന്റ് വൗച്ചറുകൾ പ്രകാരം സി.ജി.എസ്.ടി., എസ്.ജി.എസ്.ടി., ഫ്ലഡ് സെസ്സ് എന്നിവ അടവാക്കിയതായി സാംഖ്യയിൽ അക്കൗണ്ട് ചെയ്യുകയും ചെയ്തു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക | ഇനം |
|---|---|---|---|---|
| 1 | 21900663 | 26.09.2019 | 25327 | സി.ജി.എസ്.ടി. |
| 2 | 21900664 | 26.09.2019 | 25327 | എസ്.ജി.എസ്.ടി |
| 3 | 21900665 | 26.09.2019 | 24821 | ഫ്ലഡ് സെസ്സ് |
| 4 | 21900666 | 26.09.2019 | 3438 | സി.ജി.എസ്.ടി. |
| 5 | 21900667 | 26.09.2019 | 3438 | എസ്.ജി.എസ്.ടി |

| | | | | |
|---|---|---|---|---|
| 6 | 21900668 | 26.09.2019 | 3439 | ഫ്ലഡ് സെസ്സ് |
| 7 | 21900669 | 26.09.2019 | 3441 | സി.ജി.എസ്.ടി. |
| 8 | 21900670 | 26.09.2019 | 3441 | എസ്.ജി.എസ്.ടി |
| 9 | 21900671 | 26.09.2019 | 3441 | ഫ്ലഡ് സെസ്സ് |
| ആകെ തുക | | | 96113 | |

എന്നാൽ 25.09.2021 -ലെ ഓഡിറ്റ് എൻക്വയറി നമ്പർ- 5/19-20 പ്രകാരം മേൽ പറഞ്ഞ തുകകൾ സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടതിനെ തുടർന്ന് ,തുക സർക്കാരിൽ ഓടുക്കാതെ പ്രസ്തുത കാലയളവിൽ അക്കൗണ്ടന്റിന്റെ ചുമതല വഹിച്ചിരുന്ന സീനിയർ ക്ലാർക്ക്, ജിയാസ് കെ. എ. കൈവശം വെച്ചിരിക്കുകയാണെന്ന് 30.9.2021 -ന് സെക്രട്ടറി രേഖമൂലം അറിയിച്ചു. ശ്രീ. ജിയാസിൽ നിന്നും പ്രസ്തുത തുക 18% പലിശ സഹിതം ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഓടുക്കുകയും (രശീതി നമ്പർ 1210100390/G120408 തീയതി 29.9.21 ₹96113/-, 210100391/G120408 തീയതി 29.9.21 ₹34601/-) ചെയ്തിട്ടുണ്ട്. ജിയാസിന് കുറ്റരോപണ മെമ്മോ കൊടുത്തതായും പ്രസ്തുത വിവരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഉടനടി റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ചരക്കുസേവന നികുതിയിനത്തിൽ ഒടുക്കേണ്ട ഈ തുക അടിയന്തിരമായി സർക്കാരിൽ ഒടുക്കേണ്ടതാണ്

ചരക്കുസേവന നികുതിയിനത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുക അനധികൃതമായി രണ്ടുവർഷം കൈവശം വച്ച് സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-18 ആസ്തി നിർമ്മാണ പ്രവൃത്തികൾ -മെറ്റീരിയൽ വിതരണം നടത്തിയ കരാറുകാരിൽ നിന്നും ഈടാക്കിയ ജി.എസ് .ടി., ഫ്ലഡ് സെസ്സ് എന്നിവ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

സെക്രട്ടറി ലഭ്യമാക്കിയ കണക്കുകൾ അനുസരിച്ച് 2019-20 വർഷം മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ജി.എസ് .ടി., ഫ്ലഡ് സെസ്സ് എന്നീ ഇനങ്ങളിലായി ആകെ ₹438645.44 (GST 381441.68, Flood Cess 57203.76)ഈടാക്കിയിട്ടുണ്ട്. ഈ തുക സർക്കാരിലേക്ക് ഒടുക്കുവരുത്തിയിട്ടില്ല. പ്രസ്തുത തുക വാർഷിക കണക്കിൽ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുമില്ല. ആയതിന് പുറമേ തൻവർഷം പേയ്മെന്റ് നടത്തിയ പ്രവൃത്തികളുടെ ബിൽ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

30.09.2021 -ലെ ഓഡിറ്റ് എൻക്വയറി നം. 20 /2019-20 - ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കാത്തതിനും ഈടാക്കിയ ജി.എസ് .ടി., ഫ്ലഡ് സെസ്സ് എന്നിവ സർക്കാരിലേക്ക് ഒടുക്കുവരുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 എം എൻ ആർ ജി എ - ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് തുക നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എം എൻ ആർ ജി എ - യുടെ ബാങ്ക് ബുക്ക് (450410101 Central Bank NREGA A/C 78971) അനുസരിച്ച് 31.03.2020 -ലെ വൗച്ചർ നമ്പർ 21901607 പ്രകാരം ₹81,98,898/- ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. അഡ്മിനിസ്ട്രേഷൻ ഫണ്ടും ബാങ്ക് പലിശയും നൽകിയത് എന്നാണ് വിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷത്തെ സെക്രട്ടറി ചെലവുകളുടെ വൗച്ചർ പരിശോധിച്ചതിൽ പ്രസ്തുത വൗച്ചർ റദ്ദ് ചെയ്തതായി കാണപ്പെട്ടു. എന്നാൽ പ്രസ്തുത വൗച്ചർ പ്രകാരം ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയതിന്റെ റിവേഴ്സ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 14/2019-20/ 28.09.2021 -ന് സെക്രട്ടറി മറുപടി നൽകിയിട്ടില്ല. പ്രസ്തുത വൗച്ചർ പ്രകാരമുള്ള ചെലവ് ₹81,98,898/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 എം.എൻ.ആർ.ജി.എ. - കോൺക്രീറ്റ് പ്രവൃത്തികൾക്കാവശ്യമായ വൈബ്രേറ്ററും മിക്സറും നൽകിയ കരാറുകരനു നൽകേണ്ട വാടക തുക മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാരന് നൽകി

താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടറിന്റെ അടിസ്ഥാനത്തിൽ വൈബ്രേറ്ററും മിക്സറും നൽകിയത് സനോജ് കെ.പി. എന്ന കരാറുകരനാണ് എന്നാൽ ആയതിന്റെ വാടക തുക നൽകിയിട്ടുള്ളത് മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാരനാണ്.

| ക്രമ | പ്രവൃത്തിയുടെ പേര് | മെറ്റീരിയലുകൾ | കരറുകരന് | വൈബ്രേറ്ററിന്റെയും |
|---|---|---|---|---|

| നം. | | വിതരണം ചെയ്ത കരാറുകാരൻ | നൽകിയ തുക | മിക്സറിന്റെയും വാടക തുക |
|---|---|---|---|---|
| 1 | നീലിക്കാപ്പ് പാലത്തിങ്കൽ സെറീനയുടെ വീടിന് സമീപം ഡ്രൈനേജ് നിർമ്മാണം (MB No, 318/18-19, 404/18-19) | കെ.വി. ജോർജ് | 201373/- (വൗച്ചർ നം. 21900711 / 4.10.19) | 7452.86 |
| 2 | മുണ്ടക്കൈ പുഞ്ചരിമട്ടം റോഡ് ഡ്രൈനേജ് (MB No, 290/18-19) | ഗിരീഷ് എം. | 234858/- (വൗച്ചർ നം. 21900716 / 4.10.19) | 10246 |
| 3 | കുന്നമംഗലംവയൽ റോഡ് കോൺക്രീറ്റ് (MB No, 302/18-19) | കെ.വി. ജോർജ് | 331977/- (വൗച്ചർ നം. 21900710 / 4.10.19) | 15368 |
| 4 | മാപ്പിളത്തോട്ടം പൊന്നി റോഡ് കോൺക്രീറ്റ് (MB No, 321/18-19) | കെ.വി. ജോർജ് | 383559/- (വൗച്ചർ നം. 21900712 / 4.10.19) | 17986.9 |
| 5 | പൂത്തകൊല്ലി എട്ടേക്ര റോഡ് കോൺക്രീറ്റ് (MB No, 337/18-19) | കെ.വി. ജോർജ് | 186900/- (വൗച്ചർ നം. 21900707 / 4.10.19) | 8633.9 |
| 6 | റാണി സുബ്രഹ്മണ്യൻ വീടിന് സമീപം കോൺക്രീറ്റ് (MB No, 359/18-19) | കെ.വി. ജോർജ് | 60022/- (വൗച്ചർ നം. 21900706 / 4.10.19) | 2867 |
| 7 | പതിനൊന്നാം നമ്പർ നടപ്പാത കോൺക്രീറ്റ് (MB No, 369/18-19) | കെ.വി. ജോർജ് | 186068/- (വൗച്ചർ നം. 21900713 / 4.10.19) | 7501 |
| 8 | നെല്ലിമുണ്ട പാഞ്ചപ്പൻ റോഡ് കോൺക്രീറ്റ് (MB No, 390/18-19) | ഗിരീഷ് എം. | 239707/- (വൗച്ചർ നം. 219007167/ 4.10.19) | 11364.6 |
| ആകെ തുക | | | | ₹81420.27 |

മെറ്റീരിയൽ സപ്ലൈ ചെയ്ത വിതരണക്കാർക്കുള്ള ചെക്ക് നൽകിയപ്പോൾ മിക്സറും മെഷീനും വൈബ്രേറ്ററും നൽകിയത് മറ്റൊരാളാണെന്നകാര്യം അക്കൗണ്ടന്റിന്റെ ശ്രദ്ധയിൽ പെടാതിരുന്നതിനാലാണ് വീഴ്ച വന്നതെന്നാണ് 30.09.2021 -ലെ ഓഡിറ്റ് എൻക്വയറി നമ്പർ- 17/19-20 30.09.2021 -ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അധികമായി നൽകിയ തുക തിരിച്ച് പഞ്ചായത്തിൽ അടവാക്കുന്നതിന് പ്രസ്തുത കരാറുകാർക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം , പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | 'ടെണ്ടർ ഭരണസമിതി അംഗീകരിച്ച തിയതി | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന അവസാനതിയതി | കരാർ ഒപ്പിട്ട തിയതി/ എഗ്രിമെൻറ് | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ / ചെക്ക് നമ്പർ |
|---|---|---|---|---|---|---|
| 223/20 മീനാക്ഷിവിലാസം | അഭിലാഷ് കെ കെ | 10-9-2018 | 25-9-2018 | 20-12-2018/AE/LSGD/MEP/18- | 3999 | 64/19-20 /303167 |

| | | | | | | |
|---|---|---|---|---|---|---|
| GLPS റിപ്പയർ 4,00,000 | 399900 | | | 19/37 | | |
| 219/20പുഴമൂല അപ്രോച്ച് റോഡ് സൈഡ്സംരക്ഷണം 10,00,000 | സനോജ് കെ പി 806310.20 | 19-11-2018 | 3-12-2018 | 28-1-2019 AE/LSGD/MEP/18-19/52 | 8063 | 37/19-20 /20-8-2019 /806310 |
| 230/20 കള്ളാ എസ് സി കോളനി റോഡ് കോൺക്രീറ്റ് 306323 | അഭിലാഷ് കെ.കെ 306032 | 22-1-2019 | 7-2-2019 | 8-3-2019 AE/LSGD/MEP/18-19/78 | 3063 | 52/19-20 18-1-2020തുക 306323 |
| ആകെ | | | | | 15125 | |

യഥാസമയം കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിനു ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ്. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112, 2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം അപേക്ഷ നൽകിയ കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽ തുക നൽകി .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | എഗ്രിമെൻറ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്തകാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ / ചെക്ക് നമ്പർ/ തിയതി/ തുക |
|---|---|---|---|---|---|---|---|
| 175/20കട്ടൂർ എളമ്പിലേരി റോഡ് ടാറിംഗ് | അഭിലാഷ് കെ കെ 482834.58 | AE/LSGD/MEP/17-18 /151 31-3-2018 | 30-9-2019 | 27-3-2019 | 5 മാസം 27 ദിവസം | 14485(3% ,1+2) | 19/19-20 10-5-19 തുക 5,00,000 |
| 177/20 മേപ്പാടി വയൽ ഫുട്ട്പ്പാത്ത് റിപ്പയർ 4,50,000 | 446343 | AE/LSGD/MEP/17-18 /116 7-3-2018 | 6-9-2018 | 15-3-2019 | 6 മാസം 9ദിവസം | 13390 (3% ,1+2) | 13/19-20 10-5-19 3,93,027 |
| 180/20 നീലിക്കാപ്പ് എസ് സി കോളനി കുടിവെള്ളപദ്ധതി 5,70,000 | ജോർജ് കെ വി 524308.46 | AE/LSGD/MEP/17-18 /129 27-3-2018 | 27-9-2019 | 19-3-2019 | 5 മാസം 21 ദിവസം | 15729(3% ,1+2) | 8/19-20 10-5-19 തുക 5,00,709 |
| 187/20താഞ്ഞിലോട് കോളനി കുടിവെള്ളപദ്ധതി റിപ്പയർ 4,00,000 | പി എ മുഹമ്മദ് 266714.5 | AE/LSGD/MEP/17-18 /138 31-3-2018 | 30-9-3018 | 23-3-2019 | 5 മാസം 23 ദിവസം | 8001(3% ,1+2) | 33/19-20 15-7-20 2,42,946 |
| 189/20 റാട്ടപ്പടി നടപ്പാത കോൺക്രീറ്റ് 2,50,000 | കെ. ഗംഗാധരൻ245938.15 | AE/LSGD/MEP/17-18 /28 28-11-2018 | 27-5-2019 | 27-11-2019 | 6മാസം | 7378 (3% 1+2) | 54/19-20 17-1-2020തുക 2,44,000 |
| 228/20അത്തിച്ചവട് കോളനി റോഡിൽ നിന്നും രാധാകൃഷ്ണന്റെ വീടിനു സമീപം വരെ 3,00,000 | ശ്യാം പി 298308 | AE/LSGD/MEP/17-18 / 28-2-2018 | 27-8-2018 | 30-12-2019 | 4മാസം 3 ദിവസം | 8949 (3% 1+2) | 65/19-20 13-3-2020 3,00,000 |
| 237/20 മട്ടുത്തുപ്പാടി നടപ്പാത കോൺക്രീറ്റ് 1,30,000 | കെ ഗംഗാധരൻ1,29,350 | AE/LSGD/MEP/17-18 /27 28-11-2018 | 27-5-2019 | 28-11-2019 | 6മാസം | 3890(3% 1+2) | 55/19-20 18-1-20 1,29,350 |
| ആകെ | | | | | | 71822 | |

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 കരാർ ഒപ്പിടാൻ ,എസ്റ്റിമേറ്റിന് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചില്ല

31-3-2018 ൽ പ്രാബല്യത്തിൽ വന്ന 2018 കേരള ഫിനാൻസ് ആക്ട് പ്രകാരം മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കുന്ന കരാറുകൾക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ആനുപാതികമായി ഓരോ ആയിരം രൂപയ്ക്കും ഒരു രൂപാ നിരക്കിൽ ഏറ്റവും കുറഞ്ഞത് 200രൂപയുടെയും ,പരമാവധി 1,00,000 രൂപയുടെയും മുദ്രപ്പേപ്പർ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും, താഴെച്ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കിയ കരാറുകൾക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചിട്ടില്ല.

| പ്രൊജക്ട് നം/അടങ്കൽ | കരാറുകാരൻ | എഗ്രിമെൻറ്/ തിയതി | കരാർ ഒപ്പിടാൻ ഉപയോഗിക്കേണ്ടിയിരുന്ന മുദ്രപ്പേപ്പറിന്റെ മൂല്യം | കരാർ ഒപ്പിടാൻ ഉപയോഗിച്ച മുദ്രപ്പേപ്പറിന്റെ മൂല്യം | കുറവുള്ള മുദ്രപ്പേപ്പറിന്റെ മൂല്യം |
|---|---|---|---|---|---|
| 146/20 നെല്ലിമാളം ഇടിഞ്ഞകൊല്ലി റോഡ് പൂർത്തീകരണം 2,00,000 | ബോസ് എൻ എസ് | AE/LSGD/MEP/18-19/64 ,20-2-2019 | 350 | 200 | 150 |
| 155/20 കുന്നമ്പറ്റ വായനശാല നവീകരണം 4,00,000 | സീ. വി. ബാബു | AE/LSGD/MEP/18-19/33 ,14-12-2018S | 400 | 200 | 200 |
| 151/20 മേപ്പാടി ജി എൽ പി എസ് റിപ്പയർ 4,00,000 | ലിബിൻ ജോൺ | AE/LSGD/MEP/18-19/04 ,7/11/2018 | 400 | 200 | 200 |
| 219/20 പുഴമൂല അപ്രോച്ച് റോഡ് സൈഡ് സംരക്ഷണം 10,00,000 | സനോജ് കെ പി | AE/LSGD/MEP/18-19/52 ,28-1-2019 | 1,000 | 200 | 800 |
| 238/20 കുന്നമംഗലം വയൽറോഡ് സംരക്ഷണവും,റോഡ് റീടാറിംഗും 7,50,000 | സനോജ് കെ പി | AE/LSGD/MEP/18-19/84 ,8-3-2019 | 750 | 200 | 550 |
| 221/20പുത്തുമല ജി എൽ പി എസ് റിപ്പയർ 4,00,000 | സനോജ് കെ പി | AE/LSGD/MEP/18-19/26 ,22-11-2018 | 400 | 200 | 200 |
| ആകെ കുറവ് | | | | | 2100 |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിനു ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് .തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല.

പ്രവൃത്തി പൂർത്തിയാക്കി 2019-20 ൽ അവസാന ബിൽ തുക നൽകിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് കുറവ് വരുത്താതെ കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം/അടങ്കൽ | കരാറുകാരൻ, ടെണ്ടർ നിരക്ക് | എം ബുക്ക് നമ്പർ,ആകെ പ്രവൃത്തി മൂല്യം | ടെണ്ടർ നിരക്കുപ്രകാരം ബില്ലിൽ നിന്നും കുറവുവരുത്തേണ്ടിയിരുന്ന തുക | അവസാന ബിൽ /ചെക്ക് നമ്പർ |
|---|---|---|---|---|
| 146/20നെല്ലിമാളം | ബോസ് എൻ | 88/18-19 | 700 | 5/2019-20 10- |

| | | | | |
|---|---|---|---|---|
| ഇടിഞ്ഞകൊല്ലി റോഡ് പൂർത്തീകരണം.3,50,000 | എസ് 0.02% കുറവ് | 354270.78 | | 5-2019തുക 3,50,000 |
| 155/20 കുന്നമ്പറ്റ വായനശാല നവീകരണം 4,00,000 | സീ വി ബാബു 0.01% കുറവ് | 57/18-19 360438.31 | 360 | 3/2019-20 10-5-2019തുക 3,60,438 |
| 158/20 കുന്നമംഗലം വയൽ കുടിവെള്ളപദ്ധതി 2,00,000 | ജോർജ് കെ വി 0.01% കുറവ് | 92/18-19 197315 | 197 | 26/19-20 10-6-2019തുക 104786 |
| 205/20എസ് സി രാമസ്വാമി കോളനി കൈവരി നിർമ്മാണം 3,50,000 | ജോർജ് കെ വി 0.01% കുറവ് | 111/18-19 335795 | 336 | 35/19-20 22-7-2019 തുക 335795 |
| ആകെ | | | 1593 | |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിനു ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് കത്തുനൽകിയിട്ടുണ്ട് എന്നാണ്. അധികം നൽകിയ തുക തിരിച്ചുപിടിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല

2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ അവസാന ബിൽ തയാറാക്കിയപ്പോൾ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തിയെങ്കിലും ,കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും 2 ശതമാനം ചരക്ക് സേവന നികുതി കുറവ് വരുത്തി ഈ തുക ബന്ധപ്പെട്ട കരാറുകാരുടെ പേരിൽ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കേണ്ടതിനുപകരം ഈ തുക കൂടി കരാറുകാരന് നൽകി ഇത്തരത്തിലുള്ള എതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| പ്രൊജക്റ്റ് നം/അടങ്കൽ | കരാറുകാരൻ | എം ബുക്ക് നമ്പർ/ പ്രവൃത്തി മൂല്യം | ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകിയ 12 % GST തുക | ബിൽനമ്പർ / തിയതി / തുക |
|---|---|---|---|---|
| 72/20 അബ്ദുറഹ്മാൻ മീനാക്ഷി റോഡ് കോൺക്രീറ്റ് 1,80,000 | ജോർജ് കെ വി | 17/19-20 60473.43 | 19256.81 | 46/19-20 /18-1-2020 1,79,730 |
| 293/20 ചെമ്പോത്തറ പള്ളിറോഡ് ഡ്രൈനേജ് 2,00,000 | കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം | 5/19-20 177666.92 | 21320.03 | 49/19-20/ 18-2020 1,98,987 |

2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയിൽ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തി ,കരാറുകാരന് നൽകിയപ്പോൾ, 12 ശതമാനം ചരക്ക് സേവന നികുതി കരാറുകാരൻ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചരക്ക് സേവന നികുതിയിനത്തിൽ കരാറുകാർക്ക് നൽകിയ 40577 രൂപയുടെ ചെലവ് ഓഡിറ്റുതടസ്സത്തിൽ വയ്ക്കുന്നു. അതുപോലെതന്നെ, 2019-20 സാമ്പത്തിക വർഷത്തിൽ അവസാന ബിൽ തുക നൽകിയ 2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും പരിശോധിച്ച് , 12 ശതമാനം ചരക്ക് സേവന നികുതി കൈപ്പറ്റിയ കരാറുകാർ ,തുക ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതും,തുക ഒടുക്കിയിട്ടില്ലായെങ്കിൽ കരാറുകാർക്ക് നൽകിയ 12 ചരക്ക് സേവന നികുതി തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം

അസിസ്റ്റൻറ് എൻജിനിയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും ലഭിക്കുന്ന EMD തുകകളുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും നിർവ്വഹണോദ്യോഗസ്ഥന് ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തേണ്ട EMD രജിസ്റ്റർ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പകരം EMD ആയി ലഭിക്കേണ്ട തുക ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും,രസീത് നമ്പർ,തിയതി തുടങ്ങിയവയൊന്നും രേഖപ്പെടുത്തുന്നില്ല. സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്യൂരിറ്റിയായി ലഭിച്ചത് പണമായാണോ, നിക്ഷേപമായാണോ എന്നുള്ള വിവരങ്ങൾ ഒന്നും തന്നെ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ,എല്ലാ കരാറുകാരിൽ നിന്നും വാങ്ങിയിട്ടാണോ ടെണ്ടറിൽ പങ്കെടുപ്പിച്ചിരിക്കുന്നത് എന്നും, പദ്ധതി ഏറ്റെടുത്ത കരാറുകാർ മതിയായ സെക്യൂരിറ്റി നിക്ഷേപം കെട്ടിവച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2 എഗ്രിമെൻറ് രജിസ്റ്ററിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.

3 ടെണ്ടർ ഭരണസമിതി അംഗീകരിച്ചാൽ 7 ദിവസത്തിനകം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകണമെന്നാണെങ്കിലും ,സമയപരിധിക്കുള്ളിൽ എല്ലാ കരാറുകാർക്കും സെലക്ഷൻ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ചിലർക്ക് രണ്ടും,മൂന്നും മാസങ്ങൾക്ക് ശേഷം നൽകുന്നതായും കാണുന്നുണ്ട്,അയക്കുന്ന നോട്ടീസിലാകട്ടെ അയച്ച തിയതി,കരാറുകാരൻ കൈപ്പറ്റിയ തിയതി എന്നിവയും രേഖപ്പെടുത്തുന്നില്ല

4. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം,കരാർ തുക,പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തിയതി എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തുന്നില്ല

5. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

6 പൂർത്തീകരണ സമയം നീട്ടിനൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ ലഭിച്ച തിയതി രേഖപ്പെടുത്തുകയോ,സമയം നീട്ടിനൽകാൻ ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.

7 ക്യാഷ് ബുക്കിൽ ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെയുത്തുന്നില്ല

8 ഫയലിൽ മുൻ പാർട്ട് ബില്ലുകളും,തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തിയതി രേഖപ്പെടുത്തുന്നില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ലഭിക്കാത്ത മരുന്നിന്റെ തുക ₹20937/- നിരാകരിക്കുന്നു

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് 4,00,000/-(സംരക്ഷണ ഗ്രാന്റ് -റോഡിതരം) വകയിരുത്തി. 4,00,000/- യുടെ മരുന്ന് വാങ്ങി ( ബിൽ നം- 19/13.2.2020). ടെണ്ടർ നടപടിയിലൂടെ 3 സ്ഥാപനങ്ങളിൽ നിന്നാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. ഇവയിൽ കെയർവെൽ ഫാർമ്മയിൽ നിന്നും ₹106150/- (ഇൻവോയ്സ് നമ്പർ - 708/23.01.2020) യുടെ മരുന്ന് വാങ്ങി. ബില്ലിലുള്ള മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിൽ ചേർത്തിട്ടില്ല. ബിൽ പ്രകാരം ലഭിച്ച മരുന്നുകളുടെ അളവും സ്റ്റോക്കിൽ രേഖപ്പെടുത്തിയതിലെ വ്യത്യാസത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | മരുന്നിന്റെ പേര് | ബിൽ പ്രകാരമുള്ള എണ്ണം | ബിൽ പ്രകാരമുള്ള നിരക്ക് | സ്റ്റോക്കിലെടുത്തവയുടെ എണ്ണം | വ്യതാസം/ തുക |
|---|---|---|---|---|---|
| 1 | Inj Melvet P | 5 എണ്ണം (100ml ) | ₹76.99 | 10 എണ്ണം (100ml ) പേജ് -5 | 5@76.99 = 384.25 |
| 2 | Ventamin | 50 | ₹435 | 5 എണ്ണം (5 | 45@453 = |

| | | | | | |
|---|---|---|---|---|---|
| | Gold Liquid | എണ്ണം(5 Ltr) | | Ltr) പേജ് -6 | 19575 |
| | | | | ആകെ | 19575 – 384.25= 19190.75 |
| | | | | GST(9%) | 1727.17 |
| | | | | Cess(1%) | 19.2 |
| | | | | ആകെ | 20937.12 |

ബിൽ പ്രകാരമുള്ള മരുന്നുകൾ മുഴവൻ ലഭിക്കാത്തതിനാൽ ആയതിന്റെ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/19 – 20 / 25.9.2021) തുക തിരികെ ഈടാക്കിയിട്ടില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ലഭിക്കാത്ത മരുന്നിന്റെ ആകെ തുക ₹20937/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2019-20 | 553872 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | 553872 |
| ആകെ | | 553872 | | 0 | 553872 |

സെക്രട്ടറി ലഭ്യമാക്കിയ വിവരമാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും തൻവർഷം സംയുക്ത പ്രോജക്ടുകൾക്കായി വരവില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തൻവർഷം ₹41,35,000/- സംയുക്ത പ്രോജക്ടുകൾക്കായി വരവുണ്ട്. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ആകെ ₹1,23,27,234/- സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ചു. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | മുണ്ടക്കൈ കുഴൽ കിണർ ഹാന്റ് പമ്പ് സ്ഥാപിക്കൽ | 27750 | 27750 | 0 |

### 4-3 വായ്പ/ വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം ₹2,91,41,806/- യും ലൈഫ് ഭവന പദ്ധതി പ്രകാരം ₹4,61,87,450/-യും ഗ്രാമപഞ്ചായത്തിന് ബാധ്യതയുണ്ട്. ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

### 4-4 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| ആകെ | 10,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 10,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-5 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-4 | 2006-07 | 3.91.1 | ടാർ വാങ്ങിയത് രേഖകൾ ഹാജരാക്കിയിട്ടില്ല | റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2001-02 | 3-5 | 2006-07 | 3.91.2 | ജെ.ആർ.വൈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | മറുപടി സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ പരിഗണനയിൽ |
| 2002-03 | 2-2 | 2006-07 | 3.91.3 | കെട്ടിടങ്ങളുടെ വാടക ഈടാക്കാത്തത് സംബന്ധിച്ച് | റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2002-03 | 3-10 | 2006-07 | 3.91.4 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദനീയമല്ലാത്ത രീതിയിൽ ധനസഹായം നൽകി | മറുപടി സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ പരിഗണനയിൽ |
| 2010-11 | 3-11 | 2012-13 | 4.8.1 | മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വാങ്ങിയ 31.32 ലക്ഷത്തിന്റെ സിമന്റ് പൈപ്പുകൾ ഉപയോഗിക്കുന്നില്ല. | -- |
| 2014-15 | 2-2 | 2016-17 | 2.1 | തൊഴിൽ നികുതി അപാകതകൾ | -- |
| 2014-15 | 2-൩ | 2016-17 | 2.൨ | തൊഴിൽ നികുതി അപാകതകൾ | -- |
| 2017-18 | 3-11 | 2018-19 | 1.1.2 | ലൈഫ് മിഷൻ ഭവന നിർമ്മാണ പൂർത്തികരണ പദ്ധതി (പട്ടിക വർഗ്ഗ വിഭാഗം) പദ്ധതി വിഹിതം പാഴാക്കി. | -- |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹223499,679/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹15,45,83,413/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹20,937/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹86,98,898/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹20,937/- | ഡോ. ജയരാജ് കെ., വെറ്ററിനറി സർജൻ |
| ആകെ | ₹20,937/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | ₹5,00,000/- | ജോണി ടി.ഡി., സെക്രട്ടറി |
| 1-19 | ₹81,98,898/- | ജോണി ടി.ഡി., സെക്രട്ടറി |
| ആകെ | ₹86,98,898/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-19

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജയരാജ് കെ. | വെറ്ററിനറി സർജൻ,<br>ജില്ലാ വെറ്ററിനറി ആശുപത്രി,<br>വയനാട്, കൽപ്പറ്റ - 673121 | കൃഷ്ണ ഹൗസ്,<br>പുതുക്കുടി റോഡ്,<br>മഞ്ചേരി,<br>മലപ്പുറം ജില്ല. |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1994-95 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1995-96 | എൽ.എഫ്(ഡബ്ല്യൂ)പി3-115/03 തിയ്യതി 05.07.2003 |
| 1996-97 | എൽ.എഫ്(ഡബ്ല്യൂ)പി3-124/01 തിയ്യതി 28.02.2001 |
| 1997-98 | എൽ.എഫ്(ഡബ്ല്യൂ)പി2-657/10 തിയ്യതി 16.02.2005 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ)പി3-592/01 തിയ്യതി 12.07.2002 |
| 1999-2000 | എൽ.എഫ്(ഡബ്ല്യൂ)പി3-63/02 തിയ്യതി 29.07.2012 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ)പി3-484/03 തിയ്യതി 06.02.2006 |
| 2001-02 (പ്ലാൻ) | എൽ.എഫ്(ഡബ്ല്യൂ)പി3-558/03 തിയ്യതി 10.05.2005 |
| 2001-02 (ഫുൾ) | എൽ.എഫ്(ഡബ്ല്യൂ)പി1-380/05 തിയ്യതി 26.02.2008 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ)പി1-192/06 തിയ്യതി 08.01.2008 |
| 2003-04 | എൽ.എഫ്(ഡബ്ല്യൂ)പി1-986/08 തിയ്യതി 08.04.2009 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ)പി1-997/08 തിയ്യതി 12.04.2003 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ)പി1-996/08 തിയ്യതി 02.04.2009 |
| 2006-07 | എൽ.എഫ്(ഡബ്ല്യൂ)പി1-880/11 തിയ്യതി 29.12.2011 |
| 2007-08 | എൽ.എഫ്(ഡബ്ല്യൂ)പി1-744/10(1) തിയ്യതി 28.03.2013 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ)പി1-843/13 തിയ്യതി 03.04.2014 |
| 2009-10 | എൽ.എഫ്(ഡബ്ല്യൂ)പി1-743/13 തിയ്യതി 27.05.2014 |
| 2010-11 | എൽ.എഫ്(ഡബ്ല്യൂ)പി1-744/12 തിയ്യതി 01.04.2014 |

| | |
|---|---|
| 2011-12 | എൽ.എഫ് .(ഡബ്ല്യൂ.)പി1-297/14 തിയ്യതി 18.07.2014 |
| 2012-13 | എൽ.എഫ്(ഡബ്ല്യൂ)പി4-212/15 തിയ്യതി 29.05.2015 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-78/16 തിയ്യതി 30.03.2016 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-493/16 തീയ്യതി 30.07.2016 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-754/16 തീയ്യതി 11/11/2016 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-603/17തീയ്യതി 19/10/2017 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-48/19 തീയ്യതി 05.06.2019 |
| 2018-19 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4- 143/20 തീയ്യതി 08.06.2020 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്